**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 170** **03-03-2025 - ൽ മറുപടിയ്ക്ക്**

**ആശാ വർക്കർമാരുടെ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആശാ വർക്കർമാരുടെ ആനുകൂല്യങ്ങൾ കുടിശികയാകാനുള്ള കാരണം വിശദമാക്കാമോ; | (എ) | നിലവിൽ ആശമാർക്ക് സംസ്ഥാന സർക്കാർ നൽകുന്ന പ്രതിമാസ ഹോണറേറിയമായ 7000/- രൂപയും, കേന്ദ്രവും സംസ്ഥാനവും 60:40 അനുപാതത്തിൽ നൽകുന്ന ഫിക്സഡ് ഇൻസെന്റീവും വിവിധ കേന്ദ്ര പദ്ധതികളിലെ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള ഇൻസെന്റീവുകളുമാണ് ലഭിക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതം ലഭിക്കാത്തതിനാലും നടപ്പ് സാമ്പത്തിക വർഷം ഫണ്ടിന്റെ അഭാവം ഉള്ളതിനാലും കേന്ദ്രത്തിൽ നിന്നുള്ള വിഹിതം ലഭ്യമാകുന്നതനുസരിച്ചാണ് ആശമാർക്ക് ഇൻസെന്റീവുകൾ വിതരണം ചെയ്യുന്നത്.<br><br>2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതം ലഭിക്കാതിരുന്നിട്ടും ഇൻസെന്റീവുകൾ കൃത്യമായി സംസ്ഥാന സർക്കാർ ആശമാർക്ക് നൽകിയിരുന്നു.<br><br>ആശമാർക്ക് നൽകി വരുന്ന പ്രതിമാസ ഹോണറേറിയം മുഴുവനും സംസ്ഥാന ഫണ്ടാണ്. ഇതിനായി നടപ്പ് സാമ്പത്തിക വർഷം പ്രതിമാസം 7000 രൂപ നിരക്കിൽ ഹോണറേറിയം അനുവദിക്കുന്നതിനുള്ള തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മൂന്നുമാസം കൂടുമ്പോഴാണ് സംസ്ഥാനം ഹോണറേറിയത്തിനുള്ള ഫണ്ട് അനുവദിക്കാറുള്ളത്. ആയതിനാൽ ഹോണറേറിയം രണ്ടു മാസത്തിൽ കൂടുതൽ കുടിശ്ശികയാവാറില്ല. |
| (ബി) | ആശാ വർക്കർമാരുടെ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ; | (ബി) | ആശമാർക്ക് അവരുടെ ഇൻസെന്റീവുകളും ഹോണറേറിയവും സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | മാസത്തിൽ എല്ലാ ദിവസവും രാപ്പകൽ ഭേദമന്യേ ജോലി ചെയ്യുന്ന ആശാവർക്കർമാരുടെ | (സി) | രാജ്യത്ത് ഏറ്റവും ഉയർന്ന ഹോണറേറിയം ആശമാർക്ക് നൽകുന്ന സംസ്ഥാനം കേരളമാണ്. |

| | | | |
|---|---|---|---|
| | ഓണറേറിയം ഇരുപത്തൊന്നായിരം രൂപയാക്കി വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | | 2016-ൽ 1000 ആയിരുന്നത് ഇപ്പോൾ 7000 രൂപയായി ഉയർത്തിയിട്ടുണ്ട്. ഇത് കൂടാതെ ഫിക്സഡ് ഇൻസന്റീവ്, സേവനങ്ങൾക്കുള്ള ഇൻസെന്റീവ് എന്നിവ കേന്ദ്രവും സംസ്ഥാനവും 60:40 അനുപാതത്തിലാണ് നൽകുന്നത്. 2025 ജനുവരി മാസത്തിലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 89.98% ആശമാർക്ക് 10,000 നും 13,000 നും ഇടയിലാണ് ഹോണറേറിയവും ഇൻസെന്റീവും ഉൾപ്പെടെ ലഭിക്കുന്നത്. എൻ.എച്ച്.എം, ആർ.ഒ.പി യുടെ ഭാഗമായുള്ള 2023-24 വർഷത്തെ കേന്ദ്രം നൽകാനുള്ള കുടിശ്ശിക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് പല തവണ കത്ത് അയച്ചെങ്കിലും ഇതുവരെ ലഭ്യമായിട്ടില്ല. ഇൻസെന്റീവ് വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യം കേന്ദ്ര മന്ത്രിയെ നേരിൽക്കണ്ട് അഭ്യർത്ഥിക്കുകയും നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ